**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1608** **15-03-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ -പത്തനംതിട്ട ജില്ലകളിലെ കർഷകർക്കുള്ള വിള ഇൻഷുറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാലവർഷക്കെടുതികളിൽ കൃഷിനാശം സംഭവിക്കുന്നവർക്ക് അനുവദിക്കുന്ന വിള ഇൻഷുറൻസ് നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി 01-08-2020 മുതൽ AIMS പോർട്ടൽ മുഖേന Online ആയാണ് നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിച്ചാൽ പദ്ധതിയിൽ അംഗമായ കർഷകർ 15 ദിവസത്തിനുള്ളിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ 30 ദിവസത്തിനുള്ളിൽ ഫീൽഡ് പരിശോധന, അപേക്ഷകളുടെ പ്രോസസിംഗ്, ക്ലെയിം ജനറേഷൻ എന്നിവ പൂർത്തിയാക്കി അംഗീകരിച്ച തുക ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് AIMS പോർട്ടലിൽ നിന്നും DBT സംവിധാനം മുഖേന കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുവാൻ കഴിയും. ആയതിനാൽ അർഹമായ നഷ്ടപരിഹാരം കാലതാമസം ഒഴിവാക്കി കർഷകർക്ക് ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കുന്നു. |
| (ബി) | ഇത് സംബന്ധിച്ച കമ്മിറ്റികൾ കൂടുന്നതിൽ കാലതാമസം ഉണ്ടാകുന്നതു ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) | വിള ഇൻഷ്വറൻസ് പദ്ധതി മാനദണ്ഡപ്രകാരം ഓരോ ഉദ്യോഗസ്ഥതലത്തിലും തുക അനുവദിക്കുന്നതിനുള്ള പരിധി നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിൽ നെൽകൃഷിക്ക് 10 ലക്ഷത്തിൽമേലുള്ള നഷ്ടപരിഹാരവും മറ്റുള്ള കൃഷികൾക്ക് 5 ലക്ഷം രൂപയിന്മേലുള്ള നഷ്ടപരിഹാരവും നൽകുന്നതിന് സംസ്ഥാനതലത്തിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ അനുമതി ആവശ്യമാണ്. അവസാനമായി 08-02-2022 ന് കൂടിയ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി യോഗം അന്നുവരെ ലഭിച്ച എല്ലാ ക്ലെയിമുകളും അംഗീകരിച്ചുത്തരവായിട്ടുള്ളതാണ്. |
| (സി) | ആലപ്പുഴ , പത്തനംതിട്ട ജില്ലകളിലെ എത്ര കർഷകർക്കാണ് 2021 മാർച്ച് മാസത്തിനു ശേഷം | (സി) | 2021 മാർച്ച് മാസത്തിനുശേഷം ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ 2454 കർഷകർക്കാണ് |

| | | | |
|---|---|---|---|
| | വിള ഇൻഷ്വറൻസ് ലഭിക്കാനായുള്ളത് ;<br>വ്യക്തമാക്കുമോ ? | | കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം നൽകേണ്ടത്.<br>ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ<br>അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ജില്ല | നഷ്ടപരിഹാരം നൽകാനുള്ള കർഷകരുടെ എണ്ണം |
| --- | --- |
| പത്തനംതിട്ട | 455 |
| ആലപ്പുഴ | 1999 |
| **ആകെ** | **2454** |

**സെക്ഷൻ ഓഫീസർ**

Scanned with CamScanner